കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 8-2-2011-ലെ ഉത്തരവ് പ്രകാരം [WP(c)No. 631of 2004] സംസ്ഥാനത്തെ സ്കൂളുകളിലെ ടോയ്ലെറ്റ്, കുടിവെള്ളം എന്നിവയുടെ ലഭ്യത സംബന്ധിച്ച സത്യവാങ്മൂലം ആറ് ആഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2-2-2011-ൽ എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകി. 15 ദിവസത്തിനകം റിപ്പോർട്ട് നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പാലക്കാട് നിയോജകമണ്ഡലത്തിൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം**

**13 (2014)** ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം നൽകുമോ ;

(ബി) ആയതിനായി ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഏതൊക്കെ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് ഇത് സംബന്ധിച്ച് ഫണ്ടോ പദ്ധതികളോ നിലവിലില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആണ് അതത് സ്ഥലങ്ങളിലെ സ്കൂളുകളിലെ ആവശ്യം പരിഗണിച്ച് വിഭവങ്ങൾ വിനിയോഗിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമേ ഐ.ടി.അറ്റ് സ്കൂൾ: എസ്.എസ്.എ., ശുചിത്വ മിഷൻ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവയുടെ സഹായത്തോടെയും വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയെന്നത് മാനേജർമാരുടെ ചുമതലയാണ്.

(സി) പാലക്കാട് ജില്ലയിലെ ഗവൺമെന്റ് മോയൻസ് എച്ച്.എസ്.എസ്.-നെ സ്മാർട്ട് സ്കൂളായി തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly